# INDIAN SCHOOL AL WADI AL KABIR

| **CLASS: IX** | **DEPARTMENT: MALAYALAM** | **DATE : 06/06/2022** |
|---|---|---|
| **Class Note** | **Lesson: Letter Writing** | **Topic: പത്രാധിപർക്കുള്ള കത്ത്, ക്ഷണക്കത്ത്, പരാതിക്കത്ത്** |

## പത്രാധിപർക്കുള്ള കത്ത്

**പ്രേഷകൻ**

പേര്,

വീട്ടു പേര്,

പി.ഒ.,

ജില്ല.

**ഗ്രാഹകൻ**

പത്രാധിപർ,

മലയാള മനോരമ, കോട്ടയം.

**വിഷയം:** പെൻഷൻ ലഭിക്കുന്നതിലുള്ള കാലതാമസം

സാർ,

ഞാൻ ഒരു റിട്ടയേർഡ് സർക്കാർ ഉദ്യോഗസ്ഥനാണ്. രണ്ടു വർഷത്തിനു മുൻപാണ് ഞാൻ ധനകാര്യവകുപ്പിൽ നിന്ന് വിരമിച്ചത്. എന്നാൽ കഴിഞ്ഞ ആറു മാസമായി എനിക്ക് പെൻഷനോ സർക്കാരിൽ നിന്ന് മറ്റ് അറിയിപ്പുകളോ ലഭിച്ചിട്ടില്ല.

ബന്ധപ്പെട്ട അധികാരികളോട് അന്വേഷിച്ചപ്പോൾ ധനകാര്യവകുപ്പിൽ നിന്ന് വിരമിച്ച പലർക്കും ഏതാനും മാസങ്ങളായി പെൻഷൻ നൽകുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. കൃത്യമായി പെൻഷൻ ലഭിക്കാത്തതു മൂലം പലരും സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടുകയാണ്.

ഒരു ജനപ്രിയ പത്രത്തിന്റെ പത്രാധിപർ എന്ന നിലയിൽ താങ്കൾ ഈ വിവരം സർക്കാരിന്റെയും ജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരണമെന്നും പെൻഷൻ ലഭിക്കാത്തതു മൂലം കഷ്ടതയനുഭവിക്കുന്ന റിട്ടയേർഡ് ഉദ്യോഗസ്ഥരെ സഹായിക്കണമെന്നും അപേക്ഷിക്കുന്നു.

എന്ന്

വിനയപൂർവ്വം

ഒപ്പ്

(പേര്)

സ്ഥലം

തീയതി

<u>**ക്ഷണക്കത്ത്**</u>

**പ്രേഷകൻ**

പേര്,

സ്കൂളിന്റെ പേര്,

പി.ഒ.,

സ്ഥലം,

ജില്ല.

പിൻ കോഡ്

**ഗ്രാഹകൻ**

**ജില്ലാകളക്ടർ**,

കളക്ട്രേറ്റ്,

കോട്ടയം.

**വിഷയം: സ്കൂളിലെ സയൻസ് ലാബിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുള്ള ക്ഷണം**

ബഹുമാനപ്പെട്ട സാർ,

ഞങ്ങളുടെ സ്കൂളിൽ ആധുനിക രീതിയിൽ നവീകരിച്ച സയൻസ് ലാബിന്റെ ഉദ്ഘാടനം ഈ വരുന്ന മാസം 30-ാം തീയതി വൈകിട്ട് നാലു മണിക്ക് നടത്താൻ തീരുമാനിച്ചിരിക്കുന്നു. താങ്കൾ ഉദ്ഘാടനം നിർവ്വഹിക്കണമെന്ന് വിദ്യാർത്ഥികൾക്കും സ്കൂൾ കമ്മറ്റിക്കും അതിയായ ആഗ്രഹമുണ്ട്.

താങ്കൾ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥി ആയതിനാലും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ആളായതിനാലും താങ്കളുടെ സാന്നിദ്ധ്യം ഞങ്ങൾ സദയം പ്രതീക്ഷിക്കുന്നു.

തിരക്കേറിയ ഔദ്യോഗികജീവിതത്തിൽ നിന്ന് അല്പസമയം ഞങ്ങൾക്കായി മാറ്റി വയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

ഒപ്പ്

(പേര്)

സ്ഥലം

തീയതി

# <u>പരാതിക്കത്ത്</u>

**പ്രേഷകൻ**

പേര്,

വീട്ടു പേര്,

പി.ഒ.,

ജില്ല.

പിൻ കോഡ്

**ഗ്രാഹകൻ**

ചീഫ് എഞ്ചിനീയർ,

ഇലക്ട്രിസിറ്റി വകുപ്പ്,

തിരുവനന്തപുരം.

**വിഷയം**: ഇലക്ട്രിസിറ്റി ബിൽ അധികമായി വരുന്നതിനെപ്പറ്റിയുള്ള പരാതി

സാർ,

റ്റി.സി. 159030 എന്ന ഇലക്ട്രിസിറ്റി നമ്പറിലുള്ള ഉപഭോക്താവാണ് ഞാൻ. ഇത്തവണ എന്റെ ഇലക്ട്രിസിറ്റി ബില്ലിൽ ചാർജ്ജായി എഴുതിയിട്ടുള്ളത് ആയിരത്തി അഞ്ഞൂറ് രൂപയാണ്. സാധാരണ അഞ്ഞൂറ് രൂപയിൽ അധികം എനിക്ക് വൈദ്യുതിച്ചാർജ്ജ് വരാറില്ല. മീറ്ററിലെ അപാകതയാവാം ഇത്തരമൊരു ബില്ലു വരാൻ കാരണം.

എന്റെ വൈദ്യുതി മീറ്റർ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

ഒപ്പ്

(പേര്)

സ്ഥലം

തീയതി

***